# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5067    30.06.2014-ൽ മറുപടിയ്ക്ക്**

**<u>പോലീസ് അതിക്രമത്തിനെതിരെ മനുഷ്യാവകാശ കമ്മീഷന്</u>**

**<u>ലഭ്യമായ പരാതികൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പോലീസ് അതിക്രമത്തിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ഇതിൽ എത്ര പരാതികളിൽ കേസെടുക്കാൻ കമ്മീഷൻ ഉത്തരവിട്ടു ; വ്യക്തമാക്കാമോ ; | (എ) 2011-ൽ 5561 ഉം, 2012-ൽ 7489 ഉം, 2013-ൽ 9144 ഉം, 2014-ൽ ഇതേവരെ 5400 ഉം ഹ്യൂമൻ റൈറ്റ്സ് മിസലേനിയസ് പെറ്റീഷനുകളാണ് കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ലഭിക്കുന്ന പരാതികൾ ഹ്യൂമൻ റൈറ്റ്സ് മിസലേനിയസ് പെറ്റീഷനായി രജിസ്റ്റർ ചെയ്യുമ്പോൾ പരാതിക്കാരന്റെ പേരും മേൽ വിലാസവും പെറ്റീഷൻ നമ്പരും പരാതി ലഭിച്ച തീയതിയും മാത്രം രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചു പോരുന്നത്, പോലീസിനെതിരെയുള്ളവ, മറ്റു ഏതൊക്കെ അധികാര സ്ഥാനത്തിനെതിരെയുള്ളവ എന്ന് വേർതിരിച്ച് രേഖപ്പെടുത്തുന്ന രീതി അവലംബിച്ചു പോരുന്നില്ല. |
| ബി) ഈ കാലയളവിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്ത എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ ? | (ബി) 2011-ൽ 19 ഉം, 2012-ൽ 23 ഉം, 2013-ൽ 50 ഉം, 2014-ൽ ഇതേവരെ 26 ഉം കേസുകളാണ് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ എടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ